# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 19      10/06/2013-ൽ മറുപടിക്ക്

## പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, വി. ശശി<br>,, കെ. അജിത് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പോഷകാഹാരക്കുറവുമൂലം സംസ്ഥാനത്ത് ആദിവാസി ശിശുക്കൾ മരണമടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എത്ര ശിശുക്കൾ മരണമടഞ്ഞു; എവിടെയെല്ലാം; | എ | ഉണ്ട്, കഴിഞ്ഞ 2 വർഷത്തിനിടയിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 49 കുഞ്ഞുങ്ങൾ മരണമടഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ മരണം നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| ബി | ഈ കാലയളവിൽ പോഷകാഹാരക്കുറവുമൂലം എത്ര ആദിവാസി ഗർഭിണികൾ മരണമടഞ്ഞു; ഇതുമൂലം എത്ര ശിശുക്കൾ ഗർഭാവസ്ഥയിൽ തന്നെ മരണപ്പെട്ടു; | ബി | ഈ കാലയളവിൽ അട്ടപ്പാടിയിൽ 2 ആദിവാസി ഗർഭിണികൾ മരണമടഞ്ഞു. |
| സി | ആദിവാസി ഗർഭിണികൾക്കും കുട്ടികൾക്കും യഥാസമയം പോഷകാഹാരം നൽകാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | സി | ആദിവാസികൾക്കിടയിൽ സാമ്പ്രദായികമായ രീതികൾക്ക് വിഭിന്നമായി അരിയുടെ ഉപഭോഗം വർദ്ധിച്ചത് ആഹാരത്തിലെ പോഷകമൂല്യം കുറയാനിടയാക്കിയതായും പോഷകക്കുറവുള്ള അമ്മമാർക്ക് പിറക്കുന്ന തൂക്കം കുറഞ്ഞ കുഞ്ഞുങ്ങളാണ് മരണപ്പെട്ടുന്നതെന്നും ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ആദിവാസികൾക്കിടയിലെ പരമ്പരാഗത കൃഷി ഉപേക്ഷിച്ചതും ഇതിനു കാരണമായി ചൂണ്ടിക്കാട്ടുന്നു. |

സെക്ഷൻ ഓഫീസർ